**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4152** **28-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര നികുതി വിഹിതത്തിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ ജി സ്റ്റീഫൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് കിട്ടേണ്ട തുകയിൽ മുൻ വർഷങ്ങളിൽ കേന്ദ്രസർക്കാർ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ബജറ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് കിട്ടേണ്ട തുകയിൽ മുൻ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള കുറവ് താഴെ പറയുന്നു: 1. കേന്ദ്ര നികുതി വിഹിതം (രൂപ കോടിയിൽ) BE (Union Budget) Released by GoI Shortfall (-) 2017-18 16891.75 16833.08 (-) 58.67 2018-19 19703.01 19038.17 (-) 664.84 2019-20 20228.33 16401.05 (-) 3827.28 2020-21 15236.60 * 11560.40 (-) 3676.20 * താൽക്കാലിക കണക്കുകൾ |
| (ബി) | സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം കുറയ്ക്കുന്നത് സംസ്ഥാന സമ്പദ് വ്യവസ്ഥയെ ഏതുതരത്തിലാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര നികുതി വിഹിതം ഏകപക്ഷീയമായി വെട്ടികുറയ്ക്കുന്നത് മൂലം സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിൽ വലിയ കുറവ് ഉണ്ടാകുന്നു. ഇതോടൊപ്പം കോവിഡ് നിയന്ത്രണങ്ങൾ മൂലം സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം ഗണ്യമായി കുറയുന്നതും ചെലവുകൾ കുത്തനെ വർദ്ധിച്ചുവരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥക്ക് വലിയ ആഘാതമാണ് ഉണ്ടാക്കിയിരിക്കുന്നത്. |
| (സി) | അർഹതപ്പെട്ട നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് വരുമ്പോഴും വികസന പ്രവർത്തനങ്ങളും മറ്റ് അത്യാവശ്യ ചെലവുകളും യാതൊരു മുടക്കവും കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | അർഹതപ്പെട്ട നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് വരുമ്പോഴും വികസന പ്രവർത്തനങ്ങളും മറ്റ് അത്യാവശ്യ ചെലവുകളും യാതൊരു മുടക്കവും കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനായി നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സംസ്ഥാനത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. കിഫ്ബി, Rebuild Kerala Initiative എന്നിവ മുഖാന്തിരം കൂടുതൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുത്തുകൊണ്ട് മൂലധന ചെലവ് വർദ്ധിപ്പിച്ചും, |

| | | | |
|---|---|---|---|
| | | | 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് സാമ്പത്തിക ഉത്തേജക പാക്കേജ്, ക്ഷേമ പെൻഷനുകൾ, സാമ്പത്തിക പുനരുജ്ജീവന ത്തിനായി വിവിധ വായ്പാ പദ്ധതികൾ, സബ്സിഡികൾ എന്നിവയിലൂടെ കൂടുതൽ പണം ജനങ്ങളുടെ കൈകളിൽ എത്തിച്ച് സമ്പദ് വ്യവസ്ഥയെ വളർച്ചയുടെ പാതയിലേക്ക് തിരിച്ചുകൊണ്ടു വരുന്നതിനുള്ള നടപടികൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ കോവിഡ് സാഹചര്യം നിയന്ത്രണ വിധേയമാകുകയും, സാമ്പത്തിക പ്രവർത്തന ങ്ങൾ പൂർണ്ണതോതിലേയ്ക്ക് തിരിച്ചു വരികയും ചെയ്യുന്ന സാഹചര്യത്തിൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യചെലവുകൾ വെട്ടിക്കുറച്ചും വികസന ജനക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ